


അല്ലാഹു തആല മനുഷ്യരുടെ മാർഗ്ഗ ദർശനത്തിനായി കനിഞ്ഞരുളിയ മഹത്തായ അനുഗ്രഹമാണ് നുബുവ്വത്ത് അഥവാ പ്രവാചകത്വ പരമ്പര. മാനവരാശിയുടെ തുടക്കത്തിൽ തന്നെ പ്രവാചകത്വ നിയോഗവും ആരംഭിച്ചു. ഈ മഹനീയ പരമ്പരയിലെ അവസാന കണ്ണിയാണ് മുഹമ്മദുർ റസൂലുല്ലാഹ് (സ്വല്ലല്ലാഹു അലൈഹിവസല്ലം) തിരുദൂതർക്ക് ശേഷം ലോകാവസാനം വരെ പുതിയൊരു നബിയും വരികയില്ല. മുഴുവൻ മനുഷ്യരുടെയും യഥാർത്ഥ വിജയം തിരുനബി (സ്വല്ലല്ലാഹു അലൈഹിവസല്ലം) കൊണ്ടുവന്ന സന്ദേശങ്ങളിൽ മാത്രമാണ്. എന്നാൽ ഇതെങ്ങിനെ സാധിക്കും.? ഒരു ഭാഗത്ത് റസൂലുല്ലാഹ് (സ്വല്ലല്ലാഹു അലൈഹിവസല്ലം) അല്ലാഹുവിങ്കലേക്ക് യാത്രയായി. മറുഭാഗത്ത് മാനവരാശി പ്രതിദിനം വ്യാപിക്കുകയും ആവശ്യങ്ങൾ അധികരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. തത്വദീക്ഷയുള്ള അല്ലാഹു ഇതിന്റെ പരിഹാരാർത്ഥം രണ്ട് സജ്ജീകരണങ്ങൾ ചെയ്തു. ഒന്ന്, സർവ്വ കാലങ്ങളിലും സർവ്വ സ്ഥലങ്ങളിലും തികച്ചും അനുയോജ്യമായ സന്ദേശങ്ങളുടെ രണ്ട് വിശുദ്ധ സ്രോതസ്സുകൾ കനിഞ്ഞരുളി; പരിശുദ്ധ ഖുർആനും തിരുസുന്നത്തും. രണ്ട്, ഇവ രണ്ടിന്റെയും യഥാർത്ഥ വക്താക്കളായ റബ്ബാനിയ്യായ ഉലമാഇനെ കാലാകാലം തയ്യാറാക്കി. ഇവർ ഖുർആനും സുന്നത്തും പരിപൂർണ്ണ മര്യാദകൾ മുറുകെ പിടിച്ച് പഠിക്കും. പഠിച്ച കാര്യങ്ങൾ അമലിൽ പകർത്തും. അത് ഉദ്ദേശ ശുദ്ധിയോടെ മറ്റുള്ളവർക്ക് എത്തിച്ച് കൊടുക്കും. തൽഫലമായി അല്ലാഹുവിന്റെ റഹ്മത്തിൽ നിന്നും പ്രത്യേക തരം അറിവുകളും മഹൽ ഗുണങ്ങളും അവർക്ക് നൽകപ്പെടും.

അവരിലൂടെ ധാരാളം ദീനീ പരിവർത്തനങ്ങൾ സംജാതമാകും. അവർക്ക് ശേഷം അവരുടെ സുന്ദര സ്മരണകളും പരിശ്രമ ഫലങ്ങളും ലോകത്ത് നിലനിൽക്കും.

നുബുവ്വത്തിന്റെ മടിത്തട്ടിലും രിസാലത്തിന്റെ തുണിത്തുമ്പിലുമായി വളർന്നുയർന്ന സ്വഹാബാക്കൾ മുഴുവനും ഇതിൽപ്പെടും. തുടർന്നുള്ള യുഗങ്ങളിലും ധാരാളം നവോത്ഥാന നായകർ ഉണ്ടായി. ഏതാണ്ട് എല്ലാ കാലഘട്ടങ്ങളിലും സർവ്വ സ്ഥലങ്ങളിലും ഇത്തരം മഹത്തുക്കൾ ഉണ്ടായിട്ടുണ്ട്. അനുഗ്രഹീതമായ ഈ ഇസ്വ്ലാഹീ പരമ്പരയിൽ ഹിജ്‌രി 13, 14 നൂറ്റാണ്ടുകളിൽ കേരളം ദർശിച്ച ഒരു യുഗ പുരുഷനാണ് കാഞ്ഞാർ മുഹമ്മദ് മൂസാ മൗലാനാ (റഹ്). കേരളത്തിലെ മലയോര ഗ്രാമമായ കാഞ്ഞാറിൽ നിന്നും ഉദയം ചെയ്ത ഈ സൂര്യൻ കേരളത്തിനകത്തും പുറത്തും പ്രകാശം ചൊരിഞ്ഞ് ആലുവ എടത്തലയിലെ അൽ ജാമിഅത്തുൽ കൗസരിയ്യയുടെ തണലിൽ അസ്തമിച്ചപ്പോൾ കൈരളിയുടെ ഇസ്‌ലാമിക ചരിത്രത്തിലെ ഒരു സുവർണ്ണ യുഗം പൂർണ്ണമാവുകയായിരുന്നു. ലോകം മുഴുവൻ പ്രചരിച്ച തബ്‌ലീഗ് പ്രവർത്തനമായിരുന്നു മൗലാനായുടെ പ്രധാന കർമ്മ മണ്ഡലം. ലാളിത്യം മുഖ മുദ്രയാക്കിയ ഒരു പ്രവർത്തനമാണിതെങ്കിലും ഇതിന്റെ ചിന്താപരമായ അടിത്തറയ്ക്ക് വലിയ ആഴമുണ്ട്.

ദഅ്‌വത്തുമായി ബന്ധപ്പെട്ടവർ നിരവധി മഹൽ ഗുണങ്ങളുടെ കേന്ദ്രമായിരിക്കും. അഥവാ ആയിരിക്കണം. അതുകൊണ്ട് ദഅ്‌വത്ത് ഇസ്വ്ലാഹ് എന്ന വിശുദ്ധവും വിശാലവുമായ വിഷയത്തിൽ മൗലാനായിൽ കാണപ്പെട്ടിരുന്ന ഏതാനും മഹത് ഗുണങ്ങൾ ഇവിടെ വിവരിക്കാം. അല്ലാഹു ഇത് വെറുമൊരു വാഴ്ത്തലും പുകഴ്ത്തലുമാകാതെ ബലഹീനരും പാപികളുമായ നമുക്ക് മനക്കരുത്തും മാർഗ്ഗദർശനവും പകരുന്നതാക്കുമാറാകട്ടെ.!

**1. ഇൽമ്**

റബ്ബാനീ ഉലമാഇന്റെ പ്രഥമ നിബന്ധനയായ അറിവാണ് മൗലാനായുടെ ഒന്നാമത്തെ ഗുണം. മഹാന്മാരായ ഗുരുനാഥന്മാരിൽ നിന്നും പരിപൂർണ്ണമായ മര്യാദയും ത്യാഗവും മുറുകെ പിടിച്ച് കൊണ്ട്

മൗലാനാ ഇൽമ് കരസ്ഥമാക്കി. അതിന്റെ സ്മരണകൾ മധുരത്തോടെ മൗലാനാ അനുസ്മരിക്കുമായിരുന്നു. ഇൽമ് തേടുന്ന വഴിയിൽ ബന്ധപ്പെട്ട നാടുകൾ, നാട്ടുകാർ, മസ്ജിദുകൾ, മദ്റസകൾ, സഹപാഠികൾ ഇവരെക്കുറിച്ചുള്ള ചിത്രീകരണം മനോഹരമായിരുന്നു. എല്ലാ ഉസ്താദുമാരോടും വിശിഷ്യാ, മൗലാനാ മുസ്ത്വഫാ ആലിം സാഹിബ് (റ) മൗലാനാ അമാനി ഹസ്റത്ത് എന്നിവരോട് അവസാനം വരെ വലിയ ആദരവായിരുന്നു. തന്റെ മുഴുവൻ മഹത്വങ്ങളുടെയും അടിസ്ഥാനമായി അവരെ കണ്ടിരുന്നു. ആലുവ ജാമിഅ ഹസനിയ്യയിൽ നടന്ന ജംഇയ്യത്ത് ഉലമാ എ ഹിന്ദ് സംസ്ഥാന സമ്മേളനത്തിന്റെ ഉദ്ഘാടകൻ മൗലാനയായിരുന്നു. ഇന്ത്യയിലെ ഇസ്ലാമിക നവജാഗരണത്തിൽ പ്രധാന പങ്ക് വഹിച്ച ദേവ്ബന്ദ് ഉലമാഇനെ അവഗണിക്കപ്പെടുകയും ചില വേളകളിൽ നിന്ദിക്കപ്പെടുകയും ചെയ്ത കേരളത്തിൽ അവരെ അർഹമായ നിലയിൽ പരിചയപ്പെടുത്തിയ വ്യക്തിത്വമാണ് മൂസാ മൗലാനാ എന്ന് സ്വാഗതം പറഞ്ഞ ആൾ പറഞ്ഞു. ഇതിനെ തിരുത്തിക്കൊണ്ട് മൗലാനാ ഉദ്ഘാടന പ്രസംഗത്തിന്റെ തുടക്കത്തിൽ തന്നെ പ്രസ്താവിച്ചു: ഇതിന്റെ മഹത്വം നമുക്കാർക്കുമല്ല, ബഹുമാന്യ ഉസ്താദ് മൗലാനാ മുസ്ത്വഫാ ആലിം (റഹ്) സ്വാഹിബിനാണ്.

പഠന കാലത്ത് ആഴത്തിൽ പഠിച്ചത് കൂടാതെ രോഗ ഘട്ടം വരെ കിതാബ് പാരായണം തുടർന്നിരുന്നു. പ്രധാനപ്പെട്ട ദീനീ കിതാബുകളും ആനുകാലികങ്ങളും മൗലാനായുടെ വീട്ടിലും യാത്രയിലും ഉറ്റ സുഹൃത്തായിരുന്നു. ദഅ്വത്ത് യാത്രകളിലും മറ്റും ഗ്രന്ഥങ്ങൾ കൈവശം കരുതിയിരുന്നു. തിരക്കുകൾക്കിടയിൽ ലഭിക്കുന്ന ഒഴിവുകളിൽ അതിൽ ലയിച്ചിരുന്നു. 1988-ൽ മർഹൂം മൗലാനാ ഉബൈദുല്ലാഹ് (റഹ്) കേരളത്തിലെത്തി. കരുനാഗപ്പള്ളി കന്നേറ്റിയിലെ സമ്മേളനം കഴിഞ്ഞ് കേരളത്തിന്റെ വടക്കേ അറ്റംവരെ വളരെ തിരക്ക് പിടിച്ച ഒരു യാത്ര നടത്തി. അതിലെ ഏറ്റവും തിരക്കുള്ള വ്യക്തിയും മൗലാനയായിരുന്നു. തലശ്ശേരിയിൽ നിന്നും ഉബൈദുല്ലാഹ് മൗലാനയെ യാത്രയാക്കിയ മൂസാ മൗലാനാ മാരുതി വാനിൽ ആലുവയ്ക്ക് തിരിച്ചു. പതിവനുസരിച്ച് മുൻ സീറ്റിൽ

മൗലാനായായിരുന്നു. കേരളത്തിലെ പഴയ കുണ്ടുകൾ നിറഞ്ഞ റോഡിലൂടെ കാർ പാഞ്ഞു. എന്നാൽ മൗലാനാ യാത്രയിലെല്ലാം വായനയിലായിരുന്നു. യാത്രയ്ക്കിടയിൽ ലൈബ്രറികൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ വിദേശ ജമാഅത്തിൽ നിന്നും മടങ്ങി എത്തിയപ്പോൾ നടത്തിയ നസ്വീഹത്തിൽ പറഞ്ഞു: ആ നാടുകളിൽ നല്ലൊരു കാഴ്ച കാണപ്പെടുകയുണ്ടായി. എല്ലാ മസ്ജിദുകളിലും ചെറിയ ഒരു കുതുബ്ഖാനയുണ്ട്. അത്യാവശ്യ കിതാബുകൾ അതിൽ കാണും. ഹയാതുസ്സ്വഹാബയും അതിലുണ്ടായിരുന്നു.

നിരന്തര വായന കൂടാതെ മൗലാനായുടെ ഓർമ്മ ശക്തിയും അപാരമായിരുന്നു. പ്രഭാഷണങ്ങൾക്കിടയിൽ ആയത്ത്-ഹദീസുകളുടെ കാര്യം പറയേണ്ടതില്ല. ഇതര കിതാബുകളിൽ നിന്നും ഉദ്ധരണികൾ അതേപടി ഉദ്ധരിച്ചിരുന്നു. ബാലപാഠ ഗ്രന്ഥങ്ങളായ മുതഫർരിദ്, റസാനത്ത് മുതൽ ശറഹുകൾ വരെ ഇടയ്ക്ക് പരാമർശിക്കുമായിരുന്നു. മൗലാനായുടെ പ്രഭാഷണങ്ങളിലൂടെ മാത്രം നിരവധി ആവശ്യ ഗ്രന്ഥങ്ങൾ പരിചയപ്പെടാനും പാരായണം ചെയ്യാനും പ്രചോദനം ലഭിച്ചിട്ടുണ്ട്.

ഒരിക്കൽ കായംകുളം ഹസനിയ്യയിൽ വെച്ച് നടത്തിയ ബയാനിൽ ഇന്ത്യാ വിഭജന രംഗങ്ങൾ വികാരോജ്ജ്വലമായി അവതരിപ്പിച്ചു. ശൈഖുൽ ഹദീസിന്റെ ആത്മ കഥയിൽ ഇതിന്റെ വിവരണമുണ്ടെന്ന് ഇടയ്ക്ക് സൂചിപ്പിച്ചു. നോക്കിയപ്പോൾ അതിന്റെ മലയാളീകരണമാണ് മൗലാനാ നടത്തിയിരിക്കുന്നത്. ഇൽമീ പ്രഭാഷണങ്ങൾ വളരെ ശ്രദ്ധിച്ചിരുന്നു. സമകാലികരുമായി ഇൽമീ ചർച്ചകൾ നടത്തുന്നത് വളരെ ഇഷ്ടമായിരുന്നു.

## 2. അമൽ

പഠിച്ച കാര്യങ്ങൾ കഴിവിന്റെ പരമാവധി പ്രാവർത്തികമാക്കിയെന്നതാണ് രണ്ടാമത്തെ ഗുണം. ഇത് വളരെ വിശാലമായ വിഷയമാണെങ്കിലും ചുരുങ്ങിയ നിലയിൽ പറയട്ടെ.! അല്ലാഹുവിനോടും അടിമകളോടുമുള്ള കടമകൾ പൂർത്തീകരിക്കാൻ ശ്രദ്ധിച്ചിരുന്നു. അല്ലാഹുവിലുള്ള വിശ്വാസത്തിൽ അടിയുറപ്പുണ്ടായിരുന്നു. അവൻ തന്നെ കണ്ടുകൊണ്ടിരിക്കുന്നു എന്നുള്ള ബോധം

ശക്തമായിരുന്നു. എല്ലാ വിഷയങ്ങളും അല്ലാഹുവിലേക്ക് ഭരമേൽപ്പിക്കാൻ പരിശ്രമിച്ചിരുന്നു. തിരുനബി (സ്വല്ലല്ലാഹു അലൈഹിവസല്ലം) യുടെ രിസാലത്തിലും തിരുസുന്നത്തുകളുടെ മഹത്വത്തിലും പൂർണ്ണ ഉറപ്പായിരുന്നു. നിഷേധത്തോട് കടുത്ത വെറുപ്പുമായിരുന്നു. നമസ്കാരത്തിൽ അതീവ ശ്രദ്ധയായിരുന്നു. യാത്രാ വേളകളിൽ പോലും ജമാഅത്ത് മുടക്കിയിരുന്നില്ല. എടത്തലയിൽ പോകുമ്പോൾ മൗലാനായെ കാണാനുള്ള എളുപ്പവഴി നമസ്കാര സമയത്ത് മസ്ജിദിൽ എത്തലാണ്. രോഗം കഠിനമാകുന്നത് വരെ ജമാഅത്ത് നമസ്കാരം ശ്രദ്ധിച്ചു. വിയോഗത്തിന് ഏതാനും മാസം മുമ്പ് ഒരു രാത്രിയിൽ ചെന്നപ്പോൾ കണ്ട കാഴ്ച, പാവം ഒരു കൈലിയും ബനിയനും ധരിച്ച് തോർത്ത് തലയിൽ പൊതിഞ്ഞ് ഇശായ്ക്ക് ശേഷമുള്ള സുന്നത്തുകൾ നമസ്കരിച്ച്, കരഞ്ഞ് ദുആ ഇരക്കുന്നു. അല്ലാഹുവേ, പടച്ചവനേ... ഞങ്ങൾ നിന്റെ നാട്ടിൽ വന്നിട്ടും വലിയ അശ്രദ്ധയിലാണ്. ഞങ്ങൾക്ക് പൊറുത്ത് തരേണമേ.!

റമദാനുൽ മുബാറക് മൗലാനായ്ക്ക് വസന്തമായിരുന്നു. ഇബാദത്ത്, ദഅ്വത്ത്, തറാവീഹ്, ഇഅ്തികാഫ് എന്നിവകളിൽ ആവേശം ഇളകി മറിഞ്ഞിരുന്നു. ഹറമൈൻ ശരീഫൈൻ മൗലാനായുടെ വികാരമായിരുന്നു. ഹജ്ജ്, ഉംറ, സിയാറത്ത്, ഇബാദത്ത്, ദിക്ർ, ദുആകൾ കൊണ്ട് മൗലാനാ പുണ്യ ഭൂമിയെ കോരിത്തരിപ്പിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ മറ്റുള്ളവർ എഴുതിയിരിക്കാം എന്നതിനാൽ ഈ വിഷയം നീട്ടുന്നില്ല. മറു ഭാഗത്ത് സൃഷ്ടികളോടുള്ള കടമകളും മറന്നില്ല. അവർക്ക് കഴിയുന്നത്ര സേവനം ചെയ്തിരുന്നു. ദാന-ധർമ്മങ്ങളിൽ വലിയ താല്പര്യമായിരുന്നു. മറ്റുള്ളവരെയും അതിന് പ്രേരിപ്പിച്ചിരുന്നു. ഇത് കൂടുതലും രഹസ്യമായിരുന്നു. പക്ഷെ, അനുഭവസ്ഥരുടെ സാക്ഷ്യങ്ങൾ അതിനെ പരസ്യമാക്കി.

കടമകൾ പാലിക്കുന്ന വിഷയത്തിൽ മൗലാനായുടെ മഹത്വത്തിന്റെ മറ്റൊരു അടയാളമാണ് തൗബയും, മാപ്പിരക്കലും. തന്റെ ഇബാദത്ത് -ദഅ്വത്തുകളെ മൗലാനാ ഒന്നുമായും കണ്ടിരുന്നില്ല. സദാ സമയവും ഇസ്തിഗ്ഫാർ-തൗബകൾ ചെയ്തിരുന്നു. മറ്റുള്ളവരോ

ടുള്ള കടമകളിൽ വന്ന വീഴ്ചകൾക്ക് പരസ്യമായി മാപ്പപേക്ഷിച്ചിരുന്നു. അതുകൊണ്ടു തന്നെ മൗലാനായുടെ ആവർത്തിച്ചുള്ള ഹജ്ജ് യാത്രകളോരോന്നും യാത്രയയ്ക്കാൻ ചെന്നവരെ കരയിപ്പിച്ചിരുന്നു. അല്ലാഹു മൗലാനായുടെ അമലുകൾ സ്വീകരിക്കുകയും തെറ്റുകൾ മാപ്പാക്കുകയും ചെയ്യുമാറാകട്ടെ.!

### 3. ഇൽമീ പ്രവർത്തനങ്ങൾ

അമൂല്യമായ ഇൽമിന്റെ സംരക്ഷണത്തിനും പ്രചരണത്തിനും വേണ്ടി മൗലാനാ നടത്തിയ പരിശ്രമങ്ങളാണ് മൂന്നാമത്തെ ഗുണം. ദഅ്വത്തിന്റെ പേരിലുള്ള തിരക്കുകൾ കാരണം, തദ്‌രീസ് മേഖലയിലേക്ക് മൗലാനാ തിരിഞ്ഞില്ലെങ്കിലും കേരളത്തിന്റെ ഇൽമീ ചലനങ്ങളിൽ മൗലാനായുടെ പങ്ക് നിസ്സീമമായിരുന്നു. മൗലാനായുടെ പരിശ്രമ ഫലമായി പള്ളിക്കര മുതൽ ബാലരാമപുരം വരെ നിരവധി മദ്റസകൾ നിലവിൽ വന്നു. ബലഹീനമായി നടന്നിരുന്ന അനവധി ദർസ്-മദ്റസകൾക്ക് നവജീവൻ ലഭിച്ചു. മക്തബ (ബാലപാഠശാല)കളെ വളരെയധികം പ്രോൽസാഹിപ്പിച്ചിരുന്നു. വർഷാരംഭത്തിലും അവസാനത്തിലും എന്ത് ത്യാഗം സഹിച്ചും ബന്ധപ്പെട്ട മദ്റസകളിൽ മൗലാനാ എത്തിയിരുന്നു. യാത്രകളിൽ താമസിക്കാൻ ഇഷ്ടം മദ്റസകൾ ആയിരുന്നു.

ജീവിതാവസാനം വരെ വിലാസമായി തെരഞ്ഞെടുത്തത് കൗസരിയ്യ, എടത്തല എന്നതായിരുന്നു. മുതഅല്ലിംകൾ ഓരോരുത്തരെയും ശ്രദ്ധിച്ചിരുന്നു. മുടി, ബനിയൻ, തലപ്പാവ്, ബാങ്ക്-ഇഖാമത്തുകളിലെ നൂതന മോഡലുകൾ തുടങ്ങിയവകളിൽ പോലും ഗൗരവം പുലർത്തിയിരുന്നു. മദ്റസകളിലെ പ്രഭാഷണങ്ങളിൽ മൗലാനായുടെ മനസ്സ് പുഷ്പം പോലെ വിടർന്നിരുന്നു. സുഫ്ഫത്തുൽ മുബാറക് മുതൽ ദാറുൽ ഉലൂം ദേവ്ബന്ദ്, ബാഖിയാത്തുസ്വാലിഹാത്ത്, ഈരാറ്റുപേട്ട ദാറുസ്സലാം വരെ അത് നമ്മുടെ മനസ്സിനെ എത്തിച്ചിരുന്നു. ഉലമാഅ്-മുതഅല്ലിംകളിലാകമാനം ചിന്തയുടെയും വികാര-വിചാരങ്ങളുടെയും വേലിയേറ്റം സൃഷ്ടിച്ചിരുന്നു. മദ്റസ പരിപാടികളിൽ പങ്കെടുക്കുന്ന മൗലാനാ, മുഅല്ലിമും മുർഷിദുമായി കാണപ്പെട്ടിരുന്നു. കൗസരിയ്യയുടെ രണ്ടാം സനദ് ദാന

സമ്മേളനത്തോട് അനുബന്ധിച്ച് ഇറക്കിയ സുവനീറിൽ മൗലാനാ എഴുതിയിട്ടുള്ള ആശംസകളും ചിന്താർഹമാണ്. ഈ സ്ഥാപനങ്ങളുടെ പുരോഗതിക്കായി പരിശ്രമിക്കൽ മൗലാനായെ സ്നേഹിക്കുന്ന മുഴുവൻ സഹോദരന്മാരുടെയും ബാധ്യതയാണ്.

ഇപ്രകാരം തിരക്കുകൾ കാരണം രചനാപരമായ ശേഖരങ്ങളും കുറവാണ്. പക്ഷെ, ഉള്ളവ അമൂല്യങ്ങളുമാണ്. ഇർഷാദുൽ ഹജ്ജിന് പകരം അത് മാത്രമേയുള്ളൂ. സ്വലാത്തിന്റെ മഹത്വങ്ങൾ മൗലാനായുടെ പ്രധാന വിവർത്തന രചനയാണ്. അതിനെ അവഗണിക്കുന്നത് കാണുമ്പോൾ അത്ഭുതം തോന്നുന്നു. അതിനെ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചെങ്കിൽ എത്ര നന്നായിരുന്നു. (ആരും മുന്നോട്ട് വരുന്നില്ലെങ്കിൽ സൗകര്യപ്പെട്ടാൽ സ്വലാത്തിന്റെ മഹത്വങ്ങൾ എന്ന രചനയുടെ പി. ടി. എഫ്, സ്വഹാബ ഇസ്‌ലാമിക് ഫൗണ്ടേഷൻ പുറത്തിറക്കുന്നതാണ്. ഇൻശാഅല്ലാഹ്)

വളരെ കുറച്ച് മാത്രം എഴുതിയ മൗലാനാ പക്ഷെ, ഗ്രന്ഥ രചനയെ കാര്യമായി പ്രോത്സാഹിപ്പിച്ചിരുന്നു. വിവിധ വിഷയങ്ങളും, ഗ്രന്ഥങ്ങളും ചൂണ്ടിക്കാട്ടി അത് തയ്യാറാക്കാനും വിവർത്തനം ചെയ്യാനും നിർദ്ദേശിച്ചിരുന്നു. ഫളാഇലിന്റെ കിതാബിന്റെ പരിഭാഷകൻ മൗലാനാ അബ്ദുൽ ഖാദിർ മർഹൂമിന്റെ വഴികാട്ടി മൗലാനായായിരുന്നു. മർഹൂം അബ്ദുൽ ഖാദിർ മൗലാനാ ഇക്കാര്യം അനുസ്മരിച്ചിട്ടുമുണ്ട്. മആരിഫുൽ ഖുർആനിന്റെയും മആരിഫുൽ ഹദീസിന്റെയും ഹയാത്തുസ്സ്വഹാബയുടെയും വിവർത്തകരുടെ പ്രധാന പ്രേരകൻ മൗലാനാ അവർകളാണ്. കേരളം മുഴുവൻ കുറഞ്ഞ പക്ഷം, തന്റെ സഹപ്രവർത്തകരും സ്നേഹിതരും ഇവ പാരായണം ചെയ്യണമെന്ന് ആഗ്രഹിച്ചിരുന്നു. ഇവകൾക്ക് മൗലാനാ എഴുതിയ ലളിതവും ഉജ്ജ്വലവുമായ അവതാരികകൾ ഇതിന് തെളിവാണ്. ഈ അവതാരികകളിൽ കൂടി എഴുത്തും വായനയും ദീനീ ദഅ്വത്തിന്റെ ഒരു അഭിവാജ്യ ഘടകമാണെന്ന് മൗലാനാ വ്യക്തമാക്കി. മഹാനവർകളുടെ ഇൽമീ സേവനങ്ങളെ വിലമതിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ.!

### 4. ദഅ്വത്ത്-തബ്ലീഗ്

ദീനീ സേവനങ്ങളുടെ വിവിധങ്ങളായ പ്രവർത്തനങ്ങളിൽ ഏറ്റവും ഉന്നത സ്ഥാനമർഹിക്കുന്ന ദഅ്‌വത്തിനെയാണ് മൗലാനാ തന്റെ ആജീവനാന്ത കർമ്മ മണ്ഡലമായി തെരഞ്ഞെടുത്തത്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ദാഈ എന്ന ഉൽകൃഷ്ട നാമത്തിന്റെ ബാധ്യത മൗലാനാ പരിപൂർണ്ണമായി നിർവ്വഹിച്ചു. മൗലാനാ കാരണമായി പതിനായിരങ്ങൾ സന്മാർഗ്ഗം പ്രാപിച്ചു. അവരുടെ സമ്പത്തും സമയവും ജീവനും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുന്നവരായി. ആയിരക്കണക്കിന് ആളുകൾ ദാഇകളായി മാറി എന്നതാണ് മൗലാനായുടെ വിജയത്തിന്റെ പ്രകടമായ അടയാളം. ഇൻശാഅല്ലാഹ്, ലോകാവസാനം വരെ ഈ പരമ്പര തുടർന്ന് കൊണ്ടിരിക്കും. അവരിൽ പണ്ഡിതരും അറിവ് കുറഞ്ഞവരും പണക്കാരും പാവപ്പെട്ടവരും എല്ലാ വിഭാഗങ്ങളുമുണ്ട്. ദീനിന്റെ മാർഗ്ഗത്തിലായി മൗലാനായുടെ പാദസ്പർശനമേൽക്കാത്ത പ്രധാനപ്പെട്ട ഒരു മഹല്ലും കേരളത്തിൽ കാണുകയില്ല. പതുങ്ങിയ, ആവേശമുള്ള ആ ശബ്ദം ഉയരാത്ത പ്രധാന മിമ്പറുകളും ഉണ്ടാവുകയില്ല. കേരളം മാത്രമല്ല, തമിഴ്നാട്ടിലും കർണ്ണാടകയിലും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും എല്ലാ അയൽ രാജ്യങ്ങളിലും അറബ് നാടുകളിലും പാശ്ചാത്യ രാജ്യങ്ങളിലും കൈലിയും ജുബ്ബയും തലപ്പാവും ധരിച്ച കറുത്ത് കുറുകിയ, പക്ഷെ അകം വെളുത്ത് പ്രകാശിച്ച ആ മനുഷ്യൻ കറങ്ങി നടന്നു. ഫഫിർറൂ ഇലല്ലാഹ് (എല്ലാ വിധ പ്രശ്നങ്ങൾക്ക് പരിഹാരവും മുഴുവൻ വിജയത്തിന്റെ അടിസ്ഥാനവും ഒരേയൊരു കാര്യം മാത്രം, അല്ലാഹുവിലേക്ക് മടങ്ങുക) എന്ന് ഉദ്ബോധിപ്പിച്ചു. ഈ അപരിചിത ശബ്ദം കേട്ട പലരും ആദ്യം പിറുപിറുത്തു. മറ്റുചിലർ പരിഹസിച്ചു. വേറെ ചിലർ വിമർശിച്ചു. ആരോഗ്യ ദൃഢഗാത്രനും ഉരുളയ്ക്കുപ്പേരി മറുപടി പറയാൻ മിടുക്കനും വിമർശനങ്ങൾക്ക് അക്കമിട്ട് മറുപടി പറയാൻ സമർത്ഥനുമായ ഈ യുവ പണ്ഡിതൻ പക്ഷെ, ശാന്തമായി മുന്നോട്ട് നീങ്ങി.

വീട്ടിലെ ദാരിദ്രവും പെൺമക്കളുടെ ദൈന്യതയും പലപ്പോഴും തുണിത്തുമ്പ് പിടിച്ച് പുറകോട്ട് വലിച്ചിട്ടും ഈ മൗലവി സമാധാന

പൂർണ്ണമായ മനസ്സോടെയും സന്തോഷ വദനത്തോടെയും അവയെല്ലാം തൃണവൽഗണിച്ചു. അവസ്ഥകൾ പതുക്കെപ്പതുക്കെ മാറി. സാധുക്കളായ ചില സുഹൃത്തുക്കൾ ചുറ്റും കൂടി. അവരിൽ ബഹു ഭൂരിഭാഗവും ഇപ്പോൾ ഖബ്റുകളിലാണ്. ദീനീ സ്നേഹത്തിന്റെ മധു നുകരുകയും, പകരുകയും ചെയ്ത ആ മഹത്തുക്കളെ അല്ലാഹു അനുഗ്രഹിക്കട്ടെ.! പിന്നെ കേരളം എന്താണ് കണ്ടത്.? കാഞ്ഞാറിലെ അരുവി തൊടുപുഴയിൽ നിന്നും തെക്കോട്ട് ഒഴുകി, തിരുവിതാംകൂറിലെത്തി. അവിടെ നിന്നും വടക്കോട്ട് കാസർകോട്ടേക്ക് ചാലിട്ടു. ഹിജ്രി 13, 14 നൂറ്റാണ്ടുകളിൽ കേരളം ദർശിച്ച ഏറ്റവും വലിയ ഇസ്ലാമിക നവജാഗരണത്തിന്റെ കേളികൊട്ടുയർന്നു. ദീനിനെ പുഛിച്ചിരുന്നവർ, ജുമുഅ പോലും ഉപേക്ഷിച്ചിരുന്നവർ, മദ്യപാനികൾ, സകാത്ത്-നോമ്പ്-ഹജ്ജുകൾ അവഗണിച്ചിരുന്നവർ ചെറിയ ചെറിയ സുന്നത്തുകളെ പോലും ആദരിച്ചു. തഹജ്ജുദ് നിത്യമാക്കി. ദിക്ർ-ദുആകളിൽ മുഴുകി. ദാന-ധർമ്മങ്ങളിൽ ലയിച്ചു. റമദാൻ സജീവമാക്കി. ഹറമൈനിയിലേക്ക് ഒഴുകി.

ഇത് വളരെ ദീർഘമായ വിഷയമാണ്. എങ്കിലും ഈ കാഴ്ച കുറഞ്ഞവന്റെ കണ്ണിനെ ഹഠാദാകർഷിച്ച മൗലാനായുടെ അനുകരണീയമായ ചില ദഅ്വത്ത് പ്രത്യേകതകൾ ഇവിടെ വിവരിക്കട്ടെ.!

A. ത്യാഗമാണ് അതിലൊന്നാമത്തെത്. ദഅ്വത്തിന്റെ വഴിയിൽ എന്ത് ത്യാഗത്തിനും മൗലാനാ തയ്യാറായിരുന്നു. യാത്രാ ദൈർഘ്യം, വാഹനത്തിന്റെ അപര്യാപ്തത, പലവിധ രോഗങ്ങൾ, കുടുംബത്തിന്റെ ആവശ്യങ്ങൾ, കാലാവസ്ഥാ വ്യത്യാസങ്ങൾ ഇതൊന്നും മൗലാനാക്ക് തടസ്സമായിരുന്നില്ല. ഒരിടത്ത് നിന്നും ഒരാവശ്യം വന്നാലുടൻ മൗലാനാ അവിടേക്ക് പുറപ്പെടാൻ ഒരുങ്ങുകയായി. ഒരു യാത്രയിൽ ഒരു ദിവസത്തിൽ ഒരു സ്ഥലത്ത് തന്നെ പല പരിപാടികളിൽ മൗലാനാ പങ്കെടുത്തിരുന്നു. എന്നല്ല, നേതൃത്വം വഹിച്ചിരുന്നു. നീണ്ട നസ്വീഹത്ത്, ദീർഘമായ കൂടിയാലോചന, ഏത് സമയത്തും മൗലാനാ ഈ രണ്ട് വിഷയങ്ങളിലായിരിക്കും. സമ്മേളനങ്ങൾക്ക് മുമ്പുള്ള ദിവസങ്ങളിലല്ല, മാസങ്ങളിൽ ഇത് വളരെ കൂടുതലാകും. സമ്മേളനങ്ങളുടെ കാര്യം പറയുകയേ വേണ്ട. സുബ്ഹ് നമസ്കാര

ത്തിന് ശേഷം നീണ്ട ബയാൻ, അതുകഴിഞ്ഞ് ഗൗരവമായ മുഷാവറ, പതിനൊന്ന് മണിക്കുള്ള ബയാനും മിക്കവാറും മൗലാനാ തന്നെയായിരിക്കും. ളുഹ്ർ കഴിഞ്ഞുള്ള നിക്കാഹുകളിലും മൗലാനാ നിറഞ്ഞ് നിൽക്കും. സമാപന ദിവസമാണെങ്കിൽ അസ്ർ കഴിഞ്ഞും മഗ്‌രിബ് കഴിഞ്ഞും മൗലാനാ തന്നെ. ഇതിനിടയിൽ പ്രവർത്തകർക്ക്, സ്ത്രീകൾക്ക് തുടങ്ങി മറ്റ് മജ്‌ലിസുകൾ നടക്കും. രാത്രി സമയങ്ങളിൽ സൗകര്യങ്ങൾ ചുറ്റിക്കറങ്ങി നിരീക്ഷിക്കും. അൽപ്പം സമയം ഉറങ്ങിയെഴുന്നേറ്റ് തഹജ്ജുദിലും ദിക്‌റിലും മുഴുകും. ഇടയ്ക്ക് ആരെങ്കിലും സ്വകാര്യം പറയാൻ വന്നാൽ അതുമായി.! പടച്ചവനേ, ഇതെന്തൊരു ജീവിതമാണ്.!

B. ഇഖ്‌ലാസ്വ്

ആത്മാർത്ഥതയാണ് മറ്റൊന്ന്. പറയേണ്ടതെന്തും വളച്ച് കെട്ടില്ലാതെ പറഞ്ഞിരുന്നു. അവ മനസ്സിൽ വമ്പിച്ച പ്രതിഫലനം സൃഷ്ടിച്ചിരുന്നു. ഓരോ സമ്മേളനങ്ങളുടെയും സമാപനത്തിൽ ഇനി മരണം വരെ അഞ്ച് വഖ്ത് നമസ്കാരം ജമാഅത്തായി നമസ്കരിക്കുമെന്ന് എല്ലാവരും നിയ്യത്ത് ചെയ്യുക എന്നും മറ്റുമുള്ള വാചകങ്ങൾ ശ്രോതാക്കളുടെ മനസ്സ് പിളർക്കുകയും നിഷ്കളങ്കമായ തൗബ മനസ്സിലേക്ക് കോരിയിടുകയും ചെയ്തിരുന്നു. നീ എന്നാ ഇവിടെ ഇങ്ങനെ ഇരിക്കുന്നത്.? നീ ജമാഅത്തിൽ പോ.! എന്ന ഒരൊറ്റ വാക്ക് കാരണം നവജീവൻ ലഭിച്ച് ജമാഅത്തിൽ പുറപ്പെട്ട വർ എത്ര കാണും.? സത്യം പറഞ്ഞാൽ മൗലാനായിലൂടെ ഉണ്ടായ മുഴുവൻ പരിവർത്തനങ്ങളുടെയും ചാലകശക്തി മൗലാനായുടെ ഇഖ്‌ലാസ്വ് ആയിരുന്നു.

C. ഏത് സാഹചര്യത്തിലുമുള്ള ഉപദേശമാണ് വേറൊരു പ്രത്യേകത. വലിയ സദസ്സ്, ചെറിയ സദസ്സ്, വീട്, നാട്, വിദേശം, മസ്ജിദ്, മദ്റസ, ഓട്ടോ, കാർ, ബസ്, ട്രെയിൻ, കപ്പൽ, വിമാനം, വിവാഹം, മരണ വീട്, ഉദ്ഘാടനം, ഹജ്ജ് എന്നിങ്ങനെ മുഴുവൻ സന്ദർഭങ്ങളിലും നന്മ ഉപദേശിക്കുകയും തിന്മ തടുക്കുകയും ചെയ്തിരുന്നു. സ്നേഹം, കോപം ഇതൊന്നും അതിന് തടസ്സമായിരുന്നില്ല.

D. ദഅ്വത്തിന്റെ ഖുർആനിക ശൈലികളെ മൗലാനാ നിരന്തരം മുറുകെ പിടിച്ചിരുന്നു. ഉയർന്ന തന്ത്രജ്ഞതയുടെ വക്താവായിരുന്നു മൗലാനാ മർഹൂം. ഓരോരുത്തരോടും പറയേണ്ട കാര്യം തന്നെ പറഞ്ഞിരുന്നു. ഉത്തമ ഉപദേശത്തിൽ മൗലാനാ അതുല്യനായിരുന്നു. മനസ്സുകളിലെ ആഴങ്ങളിലേക്ക് അവ ഇറങ്ങുകയും വമ്പിച്ച പരിവർത്തനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം ഏറ്റവും നല്ല സംവാദത്തിന് മൗലാനാ മുൻപന്തിയിലായിരുന്നു. സംവാദത്തെ മൗലാനാ ജോലിയാക്കിയില്ല. അതിനോട് വെറുപ്പുമായിരുന്നു. എന്നാൽ സ്നേഹിതരുടെ ദുർന്യായങ്ങളെ അതേ നാണയത്തിൽ മൗലാനാ സമർത്ഥമായി നേരിട്ടിരുന്നു.

E. തൗബ

പശ്ചാത്താപം മൗലാനായുടെ ദഅ്വത്തീ ശ്രമങ്ങൾക്ക് വലിയ സൗന്ദര്യം നൽകി. അവസാനം നടത്തുന്ന ദുആയുടെ ആദ്യം മുതൽ തൗബയുടെ വചനങ്ങളായിരിക്കും. അതിൽ മൗലാനായും സദസ്സും ലയിച്ചുചേരും. അത് തന്നെ വലിയൊരു ഉപദേശമായിരുന്നു. മൗലാനായുടെ ദുആയിൽ പങ്കെടുത്ത് പശ്ചാത്താപ മനസ്കരായി മാറാൻ ആഗ്രഹിച്ചുവരുന്നവർ തന്നെ ധാരാളമായിരുന്നു.

**5. തസ്കിയത്ത്**

മൗലാനായുടെ അഞ്ചാമത്തെ ഗുണമാണ് ആത്മ വിശുദ്ധി. നബവീ നിയോഗത്തിന്റെ പ്രധാന ലക്ഷ്യമായ തസ്കിയത്ത് യഥാവിധി ഉൾക്കൊണ്ടവർ സ്വഹാബത്താണ്. തുടർന്ന് സൂഫി വര്യന്മാർ എന്ന പേരിൽ പ്രസിദ്ധരായ മഹാത്മാക്കൾ ഇതിന്റെ വക്താക്കളും പ്രയോക്താക്കളുമായി. മൗലാനായുടെ അസാതിദ്-മശാഇഖുമാരെല്ലാം ഇതുമായി ബന്ധപ്പെട്ടവരായിരുന്നു. മൗലാനായും ഇതേ മാർഗ്ഗം സ്വീകരിച്ചു. മൗലാനാ മുഹമ്മദ് ഇൽയാസ് (റഹ്) യുടെ ഖലീഫയായിരുന്ന മിയാൻജി മുഹമ്മദ് ഈസാ സ്വാഹിബ് (റഹ്) നെ മൗലാനാ മർഹൂം ബൈഅത്ത് ചെയ്തു. ശിക്ഷണത്തിന്റെ കടമ പൂർത്തീകരിച്ചതിനാൽ അദ്ദേഹത്തിന്റെ ഖലീഫയാകുകയും ചെയ്തു. ദഅ്വത്ത് യാത്രകളുടെ തിരക്കുകൾ കാരണം മൗലാനാ മർഹൂം ഈ മേഖലയിൽ പരിപൂർണ്ണമായും ശ്രദ്ധ കേന്ദ്രീകരിച്ചില്ലെങ്കിലും തസ്വവ്വുഫിന്റെ

പ്രധാന ഭാഗമായ ദിക്റുകളിൽ സദാ മുഴുകിയിരുന്നു. അല്ലാഹുവിന്റെ ഏകത്വം, അഹങ്കാരത്തിന്റെ നിന്ദ്യത എന്നീ വിഷയങ്ങൾ പ്രഭാഷണങ്ങളിൽ സാധാരണ നിറഞ്ഞ് നിൽക്കാൻ കാരണം ഈ തസ്വവ്വുഫ് ബന്ധമായിരിക്കാനാണ് സാധ്യത. (അവസാനം പരാമർശിക്കുന്ന പ്രകടമില്ലായ്മ എന്ന ഗുണത്തിന്റെ അടിസ്ഥാനവും ഇത് തന്നെയായിരിക്കും.)

**6. സഹകരണം**

നൂറ് ശതമാനം തബ്ലീഗ് പ്രവർത്തകനായ മൗലാനാ മർഹൂം പക്ഷെ, ദീനിന്റെ എല്ലാ ശാഖകളെയും പ്രവർത്തനങ്ങളെയും വിലമതിച്ചിരുന്നുവെന്ന് മാത്രമല്ല, സഹകരിക്കുകയും ചിലവേള നേതൃത്വം വഹിക്കുകയും ചെയ്തിരുന്നു. ഇൽമ്, തസ്കിയത്ത് പ്രവർത്തനങ്ങളെക്കുറിച്ച് വിവരിച്ച് കഴിഞ്ഞു. കാഞ്ഞാറിലെ മതപ്രസംഗ പരമ്പരയുടെ പ്രധാന സംഘാടകൻ മൗലാനയായിരുന്നുവെന്ന് മുഹമ്മദ് ഈസാ ഉസ്താദ് വിവരിക്കുന്നു. ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമായുടെ പല പരിപാടികളിലും സമ്മേളനങ്ങളിലും മൗലാനാ പങ്കെടുത്തിട്ടുണ്ട്. ജംഇയ്യത്തുൽ ഉലമാ എ ഹിന്ദ്, തഹഫ്ഫുസെ ഖത്മുന്നുബുവ്വത്ത് എന്നിവയുടെ നായകനായിരുന്നു. മസ്ജിദുകളുടെയും മറ്റും തറക്കല്ലിടൽ, ഉദ്ഘാടന വേദികൾ എന്നിവയിൽ നിറഞ്ഞ് നിന്നിരുന്നു. ഒരിക്കൽ ഗൾഫിൽ ജമാഅത്തിലായിരിക്കവെ, ഉസ്താദിന് അറബിയിൽ സുദീർഘമായ ഒരു കത്തെഴുതി. ചന്ദ്രപ്പിറവി ദർശന വിഷയത്തിൽ കേരളത്തിൽ കാണപ്പെടുന്ന വീഴ്ചകൾ അതിൽ വിവരിക്കുകയും ഉലമാ മഹത്തുക്കൾ അതിൽ ഒറ്റക്കെട്ടായി നിന്ന് ശക്തമായ നടപടി സ്വീകരിക്കണമെന്ന് ഉണർത്തുകയും ചെയ്തു. ഇപ്രകാരം ധാരാളം സംഭവങ്ങളുണ്ട്. അല്ലാഹു തആലാ മൗലാനയെപ്പോലെ നമുക്കും വിശാല ഹൃദയം നൽകട്ടെ.!

**7. ഫിക്ർ**

ഉമ്മത്തിനെക്കുറിച്ചുള്ള ഫിക്ർ (ചിന്ത) ആണ് മറ്റൊരു ഗുണം. ഉമ്മത്തിന്റെ ഈമാനും അമലും സുരക്ഷിതമായിരിക്കണമെന്നതിനെ കുറിച്ച് വളരെയധികം ചിന്തിച്ചിരുന്നു. ഭൗതികതയുടെ അതിപ്രസര

ത്താൽ ഉമ്മത്ത് ആഖിറത്തിനെ മറക്കുകയും ജീവിതം തുലയ്ക്കുകയും ചെയ്യുന്നതിനെ കുറിച്ച് മൗലാനായ്ക്ക് വളരെ വ്യസനമായിരുന്നു. അവസാന സമയങ്ങളിൽ ഓർമ്മ നശിച്ചതിന്റെ കാരണങ്ങളിൽ ഒന്നായി ഡോക്ടർ പറഞ്ഞത്, സാധാരണ മനുഷ്യന്റെ ചിന്തയ്ക്കും അപ്പുറം ചിന്തിക്കുന്നവരായിരുന്നു എന്നാണ്. അതെ, ഉമ്മത്തിന്റെ ആഖിറത്തിലെ വിജയത്തെക്കുറിച്ച് അതിയായ ചിന്തയും ആഗ്രഹവും ഉള്ളവരായിരുന്നു. അതിനോടൊപ്പം തന്നെ ഉമ്മത്തിന്റെ ജീവനും സ്വത്തും അഭിമാനവും സുരക്ഷിതമായിരിക്കണമെന്നും സുരക്ഷിതമായിരിക്കണമെന്നും മൗലാനാ മർഹൂം ആഗ്രഹിച്ചിരുന്നു. ഇന്ത്യൻ മുസ്‌ലിംകളെക്കുറിച്ച് മാത്രമല്ല, ലോക മുസ്‌ലിംകളെ കുറിച്ചും അതേ വികാരമായിരുന്നു.

സമുദായത്തിന്റെ ഉന്നമനത്തിന് വേണ്ടി പരിശ്രമിക്കുന്ന വ്യക്തികളെയും സംഘടനകളെയും മൗലാനാ അതിയായി സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. അവർക്ക് ഈ വിഷയത്തിൽ വില പിടിച്ച നിർദ്ദേശങ്ങൾ നൽകലും പതിവായിരുന്നു. എന്നാൽ മുഴുവൻ പ്രശ്നങ്ങളുടെയും പ്രധാന പരിഹാരമായി മൗലാനാ കണ്ടിരുന്നത് ദീനിലേക്കുള്ള മടക്കവും അതിന്റെ മാർഗ്ഗമായ ദഅ്‌വത്തുമായിരുന്നു.

**8. ആദർശം**

മൗലാനാ മർഹൂം തന്റെ ആദർശത്തെ സദാ മുറുകെ പിടിച്ചിരുന്നു. അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ആദർശങ്ങളിൽ ആഴം നിറഞ്ഞ ബോധവും നിർബന്ധവും മൗലാനാ മർഹൂമിനുണ്ടായിരുന്നു. അതിന്റെ ഈ യുഗത്തിലെ ഏറ്റവും വലിയ സേവകരായി ദേവ്ബന്ദ് ഉലമാഇനെ കണ്ടിരുന്നു. മൗലാനായുടെ ഈ ഗുണത്തിൽ പ്രത്യേകമായ രണ്ട് ഗുണങ്ങൾ അത്യന്തം പഠനാർഹമാണ്; തീവ്രതയും അതോടൊപ്പം പരിധിക്കുള്ളിൽ നിൽക്കലും.! തീവ്രത എന്നാൽ മൗലാനാ ആദ്യാവസാനം വരെ ഒരു സുന്നിയും സൂഫിയും ആയിരുന്നു. നബിമാർ, സ്വഹാബത്ത്, ഔലിയാഇനെ ആദരിച്ചിരുന്നു. അവരെ നിന്ദിക്കുന്നവരോട് ദേഷ്യമായിരുന്നു. അവരുടെ രക്തത്തിൽ ചവുട്ടി മറുകരയിലേക്ക് കടക്കുന്നതിനെ വിമർശിച്ചിരു

ന്നു. ഹനഫി മദ്ഹബ് അനുകരിക്കുകയും അതിലാണ് നന്മയെന്ന് വിശ്വസിക്കുകയും ചെയ്തിരുന്നു. സൂഫി സരണി സ്വീകരിച്ചിരുന്നു. തവസ്സുൽ നടത്തിയിരുന്നു. പിൽക്കാല പണ്ഡിതരുടെ വിശാല വീക്ഷണത്തെക്കാൾ മുൻകാല പണ്ഡിതരുടെ ഫത്വകൾക്ക് പലപ്പോഴും മുൻഗണന കൊടുത്തിരുന്നു. ഉദാഹരണത്തിന്, മൈക്കിലൂടെയുള്ള ജമാഅത്ത് നമസ്കാരത്തെ എതിർത്തിരുന്നു. എന്നാൽ ഇതിനോടൊപ്പം ചേർത്ത് വായിക്കേണ്ട മറ്റൊരു കാര്യം കൂടിയുണ്ട്. അഭിപ്രായ വ്യത്യാസങ്ങളുടെ കാര്യം അതിന്റെ മേഖലയിൽ മാത്രം മൗലാനാ ഒതുക്കിയിരുന്നു.

പ്രഭാഷണങ്ങളിലെ നിർമ്മാണാത്മക ശൈലി, സ്വകാര്യ സദസ്സുകളിലുള്ള വിമർശനങ്ങൾ, തന്ത്രപൂർവ്വമുള്ള നീക്കങ്ങൾ ഇതായിരുന്നു മൗലാനായുടെ ആദർശ വിഷയത്തിലുള്ള ശൈലി. ഉപരി സൂചിത വിഷയങ്ങളെ ഒരിക്കലും സംവാദ വിഷയമാക്കുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്തിട്ടില്ല. മാത്രമല്ല, അഭിപ്രായ വ്യത്യാസമുള്ളവരുമായി പോലും പൊതു വിഷയങ്ങളിൽ യോജിച്ചിരുന്നു.

**9. ബന്ധങ്ങൾ**

വിവിധങ്ങളായ ബന്ധങ്ങളെ വിലമതിച്ചിരുന്നു എന്നതാണ് ഒമ്പതാമത്തെ ഗുണം. നിരവധി ബന്ധങ്ങളെക്കുറിച്ചുള്ള പരാമർശം സൂചിപ്പിച്ചുകഴിഞ്ഞു. കൂടാതെ മാനുഷിക-സുഹൃത്-കുടുംബ ബന്ധങ്ങളെയും മൗലാനാ മർഹൂം വിലമതിച്ചിരുന്നു. സൗഹൃദ ബന്ധങ്ങളുടെ മേഖലകളെ വിശാലമായി കണ്ടിരുന്നു. അതിൽ മുസ്ലിംകളും അമുസ്ലിംകളും ഉണ്ടായിരുന്നു. ഈ ബന്ധങ്ങളുടെ മേഖലകളും വ്യത്യസ്തമായിരുന്നു. ഇത്രയേറെ ജനങ്ങളും അവരുടെ പ്രശ്നങ്ങളുമായും ബന്ധപ്പെടുകയും അവർക്കെല്ലാം പ്രയോജനപ്പെടുകയും ചെയ്ത മറ്റൊരാളും മൗലാനാ മർഹൂമിന്റെ കാലത്ത് കേരളത്തിൽ ഉണ്ടായിരിക്കുകയില്ല എന്നാണ് അനുമാനം. പലരുടെയും കൈകളിൽ ഇന്നുമുള്ള മൗലാനായുടെ കത്തുകൾ ഇതിന് മരിക്കാത്ത സാക്ഷികളാണ്.

വളരെയേറെ തിരക്കുള്ള മൗലാനാ മർഹൂം കിട്ടിയ അവസരങ്ങൾ മുതലാക്കി കത്തുകൾ എഴുതിയിരുന്നു. ജനനം, ബാല്യം, പഠനം,

യുവത്വം, ജോലി, ഉദ്യോഗം, വിവാഹം, ബിസിനസ്, രോഗം, ചികിത്സ, മരണം തുടങ്ങി മുഴുവൻ വിഷയങ്ങളിലും ജനങ്ങൾ മൗലാനയുമായി ബന്ധപ്പെടുകയും മൗലാനാ മർഹൂം അവരുമായി സഹകരിക്കുകയും ചെയ്തിരുന്നു. മൗലാനയുമായി ബന്ധപ്പെട്ട ഓരോരുത്തർക്കും ഓരോരോ അനുഭവങ്ങളുള്ള മനോഹരമായ ഒരു വിഷയമാണിത്.

ഇപ്രകാരം നാടിനോടും നാട്ടുകാരോടും വലിയ സ്നേഹമായിരുന്നു. കാഞ്ഞാറിനോട് അവസാനം വരെ അതിയായ ഇഷ്ടമായിരുന്നു. അടുപ്പമുള്ളവരെ അവിടേക്ക് ക്ഷണിക്കുകയും മഹാന്മാരെ അവിടെ കൊണ്ട് പോകുകയും ചെയ്തിരുന്നു. കാഞ്ഞാറിൽ വെച്ചുള്ള പ്രഭാഷണങ്ങളിൽ ഗൃഹാതുരത്വത്തിന്റെ കുളിർതെന്നൽ അനുഭവപ്പെട്ടിരുന്നു. കുടുംബത്തോടുള്ള സ്നേഹവും ഇതുപോലെ തന്നെ.! അടുത്തതും അകന്നതുമായ ബന്ധുക്കളോടും ബന്ധം പുലർത്തിയിരുന്നു. വിശിഷ്യാ, ചെറുമക്കളോടുള്ള വാത്സല്യം അപാരമായിരുന്നു.

എന്നാൽ ഈ സ്നേഹ ബന്ധങ്ങളെല്ലാം പടച്ചവന്റെ തൃപ്തിക്ക് വേണ്ടി മാത്രമായിരുന്നുവെന്ന പ്രത്യേകത കൂടിയുണ്ട്. അതുകൊണ്ടുതന്നെ സ്നേഹമുള്ളവരോടും ചില വേള കഠിനമായി കോപിച്ചിരുന്നു. ജീവിതത്തിലെ ഏറ്റവും അടുത്ത സുഹൃത്ത് മർഹൂം സുബൈർ ഹാജിയുടെ ഒരു ഹോട്ടൽ ഉദ്ഘാടനം ചെയ്തപ്പോൾ ഹോട്ടൽ എന്ന പദത്തിലെ ടി യുടെ വികൃതിയെ ഉണർത്തുകയുണ്ടായി. ഒരു കത്തിൽ താങ്കളുടെ വീട്ടിൽ ഒരു അന്യ പുരുഷൻ കയറിയിറങ്ങുന്നത് ഒട്ടും ശരിയായി തോന്നുന്നില്ല എന്ന് എഴുതുകയുണ്ടായി. ചുരുക്കത്തിൽ, അല്ലാഹുവിന് വേണ്ടി മാത്രമുള്ള സ്നേഹവും കോപവും എന്ന ഈമാനിക ഗുണത്തിനുള്ള മാതൃകയായിരുന്നു മർഹൂം കാഞ്ഞാർ മൂസാ മൗലാനാ.

## 10. ലാളിത്യം-പ്രകടന രാഹിത്യം

ബഹുമാന്യ സ്വഹാബിവര്യൻ ഇബ്നു മസ്ഊദ് (റ) എടുത്ത് പറഞ്ഞ സ്വഹാബത്തിന്റെ ഒരു വിശേഷണം ഇതാണ്. ബാഹ്യ പ്രകടനങ്ങൾ ഏറ്റവും കുറഞ്ഞവർ. വാസ്തവത്തിൽ ആ വാക്കിന്റെ

ശരിയായ ആശയം മനസ്സിലാക്കിയത് മൗലാനാ മർഹൂമിന്റെ ശൈലികൾ ശ്രദ്ധിച്ചപ്പോഴാണ്. ഈ വാക്കിന്റെ ചെറിയൊരു പുലർച്ച മൗലാനായിൽ കാണുവാൻ കഴിഞ്ഞു.

കാഞ്ഞാറിലെ പുഴവക്കിലും കൗസരിയ്യയിലെ ഹൗളിൻ കരയിലും വീടിന്റെ തിണ്ണയിലും വലിയ മസ്ജിദിന്റെ മിമ്പറിലും കേരളത്തിലെ ഗ്രാമീണർക്കിടയിലും അറേബ്യൻ ശൈഖുമാർക്ക് മധ്യത്തിലും ഇരവിന്റെ ഇരുളിലും പകലിന്റെ വെളിച്ചത്തിലും എല്ലാം മൗലാനാ ഒരേ ശൈലിക്കാരനായിരുന്നു. കൈലി, കൈയ്യുള്ള ബനിയൻ, നീളൻ ജുബ്ബ, സാധാരണ തൊപ്പി, നീണ്ട തലപ്പാവ്. ഈ വേഷം നാട്ടിലോ വിദേശത്തോ ഉപേക്ഷിച്ചിട്ടില്ല. നടത്തത്തിലും ഇരുത്തത്തിലും ആംഗ്യങ്ങളിൽ പോലും മാറ്റമൊന്നും ഉണ്ടായിട്ടില്ല. പ്രസംഗവും എഴുത്തുപോലും ഒരേ തരമായിരുന്നു. നമ്മുടെ കാഴ്ചപ്പാടിൽ മൗലാനാ മർഹൂം ആലിമും ദാഇയും ഹാജിയും അല്ലാമയും എല്ലാമായിരുന്നെങ്കിലും മൗലാനാ മർഹൂമിന് ആ ഭാവങ്ങളൊന്നുമി ല്ലായിരുന്നു. മൗലാനാ ഒരിയ്ക്കലും മുഹമ്മദ് മൂസാ എന്നല്ലാത്ത മറ്റൊരു പേരിൽ തന്നെ പരിചയപ്പെടുത്തിയിരുന്നില്ല.

ഞാനൊന്നുമല്ല എന്ന ചിന്ത ആ മഹാന്റെ അകവും പുറവുമായി രുന്നു. അതുകൊണ്ടാണ് അവസാനം ഓർമ്മ കുറഞ്ഞ നാളുകളിൽ പോലും തൗബയുടെ വചനങ്ങൾ ധാരാളമായി പറഞ്ഞിരുന്നത്. മൗലാനാ മർഹൂം പങ്കെടുത്ത അവസാന മജ്ലിസായ കൗസരിയ്യ സനദ് ദാന സമ്മേളനത്തിൽ മൗലാനാ മർഹൂം ഇരുന്ന രീതി കാഴ്ചക്കാരുടെ കണ്ണുകൾ നനച്ചു. ശരിക്കും ഓർമ്മയില്ലാതെ കുനിഞ്ഞിരിക്കുന്നു. എന്തെല്ലാമോ ചൊല്ലുന്നു. ഇടയ്ക്ക് പഴയ നോട്ടം ഇടത്തോട്ടും വലത്തോട്ടും നോക്കുന്നു.

നിരവധി മഹത്ഗുണങ്ങളുടെ സംഗമമായിരുന്ന മൗലാനാ മർഹൂമിന്റെ ഗുണങ്ങൾ എണ്ണിത്തിട്ടപ്പെടുത്തുക പ്രയാസമാണ്. ഇവിടെ കുറിച്ച പത്ത് ഗുണങ്ങൾ അതിൽ ചിലത് മാത്രമാണ്. അവസാന മായി പറയട്ടെ; മൗലാനയുടെ മഹത്ഗുണങ്ങളുടെ മഹനീയമായ പ്രകാശമായിരുന്നു മൗലാനയുടെ രോഗവും വിയോഗവും. ഓർമ്മക്കുറവ് കൊണ്ട് മൗലാനയെ അല്ലാഹു പരീക്ഷിച്ചതിനോടൊപ്പം

അനുഗ്രഹിക്കുകയുമായിരുന്നു. ജീവിതത്തിൽ ഒരിക്കലും തന്റെ മഹത്വം വിളമ്പിയിട്ടില്ലാത്ത ആ മഹാപുരുഷന്റെ മഹത്വങ്ങൾ അല്ലാഹു തന്നെ വെളിവാക്കി. മനസ്സിന്റെ അകത്ത് ഓമനിച്ചിരുന്ന ഉയർന്ന ഗുണങ്ങളെ അല്ലാഹു പരസ്യമാക്കി.

ദിക്റും ദുആയും തൗബയും ഇസ്തിഗ്ഫാറും മനസ്സിലാകെ അല്ലാഹുവും മക്കയും മദീനയും നിറഞ്ഞ് തുളുമ്പി. ഒരിക്കൽ പോയപ്പോൾ പ്രതികരണം ഇപ്രകാരമായിരുന്നു. കേരളത്തിലെ സഹോദരങ്ങൾക്ക് സുഖം തന്നെയല്ലേ.? നിങ്ങൾ ഇവിടെ എപ്പോഴെത്തി.? ഈ പരിശുദ്ധ നാടിനോടുള്ള മര്യാദകൾ പാലിച്ച് തഖ്വയോടെ ജീവിച്ച് ഈമാനോടെ മരിക്കാൻ അല്ലാഹു തൗഫീഖ് നൽകട്ടെ.! മറ്റൊരിക്കൽ ഹാജരായപ്പോൾ പാവം കാഞ്ഞാറുകാരൻ കൈലിയുടുത്ത് തോർത്ത് തലയിലിട്ട് ഇശായ്ക്കു ശേഷമുള്ള സുന്നത്തുകൾ നമസ്കരിച്ച് ശബ്ദത്തിൽ കരഞ്ഞ് ദുആയിലാണ്. ഒരു വാചകം ഇപ്രകാരമായിരുന്നു: അല്ലാഹുവേ, ഞങ്ങൾ വലിയ പാപികളാണ്. നിന്റെ ഹബീബിന്റെ നാട്ടിൽ എത്തിയിട്ടും ഞങ്ങൾക്ക് മാറ്റമൊന്നുമില്ല. അല്ലാഹുവേ, നീ പൊറുത്ത് തരേണമേ.! ജീവിതം മുഴുവൻ അല്ലാഹുവിനെയും റസൂലിനെയും ആഖിറത്തിനെയും കുറിച്ച് പറഞ്ഞു. ആയിരങ്ങളുടെ ലക്ഷ്യവും മാർഗ്ഗവും നേരെയാക്കിയ ആ മഹാൻ ഉയർന്ന കൂട്ടുകാരിലേക്ക് അടുക്കുകയായിരുന്നു. അവസാനം 1423 റമദാനുൽ മുബാറക് സമാഗതമായി. കഴിഞ്ഞ അമ്പത് വർഷങ്ങളിൽ പൊതുവിലും റമദാനിൽ പ്രത്യേകിച്ചും ഇബാദത്ത്-ദഅ്വത്തുകളിലായി ഓടിത്തളർന്ന മഹാൻ ഇത്തവണ അധികം ചലനമില്ലാതെ കിടപ്പിലായിരുന്നു. പക്ഷെ, ആ മനസ്സ് റൗദത്തുൽ മുബാറക് വഴി ഇലാഹീ സമക്ഷത്തിൽ സുജൂദിലായിരുന്നു. ഒരു പാതിരാത്രി മൗലാനയുടെ ഒരു സേവകനായ മാമ അബ്ദുൽ കരീം സാഹിബ് വിളിച്ചുണർത്തി പറഞ്ഞു: മൗലാനാ വഫാത്തായി. എപ്പോഴാണ്.? ഏതാനും മിനിറ്റുകൾക്ക് മുമ്പ്. ദുആയോടുകൂടി കൂട്ടുകാരെ വിളിച്ചു. പക്ഷെ, സംഭവം നാടാകെ അല്ല, ലോകമാകെ നിമിഷങ്ങൾക്കകം അറിഞ്ഞുകഴിഞ്ഞിരുന്നു. ഞങ്ങൾ കൗസരിയ്യ മൻസിലിൽ എത്തി. മൗലാനാ സുഖനിദ്രയിലാണ്. പക്ഷെ,

ദിവസങ്ങൾക്ക് മുമ്പ് കണ്ട മൗലാനായുടെ ശരീരാകൃതിയുമായി യാതൊരു ബന്ധവുമില്ല. ആ തിരുനെറ്റിയിൽ അറിയാതെ ചുംബിച്ചുപോയി. സുന്ദരമായ ജീവിതം.!.. മനോഹരമായ മരണം.! സമാധാനമടഞ്ഞ ആത്മാവേ, നീ നിന്റെ നാഥനിലേക്ക് മടങ്ങുക. എന്റെ ദാസന്മാരോടൊപ്പം നീ പ്രവേശിക്കുക. എന്റെ സ്വർഗ്ഗത്തിൽ നീ പ്രവേശിക്കുക.

തദവസരം മൗലാനയുടെ മരുമകൻ ഉസ്താദ് ഇസ്ഹാഖ് ഖാസിമി ചെയ്ത ദുആ മനസ്സുകളെ പിടപ്പിക്കുകയും കുടുംബത്തെ ശരീഅത്തിന്റെ കയറിൽ മുറുക്കുകയും ചെയ്തു. അതിലെ രണ്ട് വാചകം: അല്ലാഹുവേ, ജീവിതത്തിൽ റാഹത്ത് എന്തെന്നറിഞ്ഞിട്ടില്ലാത്ത മൗലാനായ്ക്ക് നീ പരിപൂർണ്ണ റാഹത്ത് നൽകേണമേ.! ഈ ഘട്ടത്തിൽ ശരീഅത്തിനെ മുറുകെ പിടിക്കാൻ ഞങ്ങൾക്ക് നീ തൗഫീഖ് നൽകേണമേ.!

മൗലാനാ പോയി, നമ്മെ നന്നാക്കി. മൗലാനാ പോയി, നാമും പോകും. പക്ഷെ, മൗലാനാ പോയത് പോലെ നമുക്കും പോകേണ്ടേ.? അല്ലാഹുവേ, ഈ വരികൾ അതിന് വഴിയാക്കേണമേ.! ഹാ മൗലാനായുടെ ഈമാനിക നോട്ടം, ഈമാനിക ശബ്ദം, ചിരിപ്പിക്കൽ, കരയിപ്പിക്കൽ.! ഞങ്ങളുടെ അല്ലാഹുവേ, പടച്ചവനേ.. എന്നുള്ള വിളി, ഇതെല്ലാം ഇനി ഓർമ്മകൾ മാത്രം.! ആ സുന്ദര സ്മരണകളെ നന്മയിലേക്കുള്ള ഒരു ചാലകമാക്കി അല്ലാഹു എന്നെന്നും ലോകത്ത് നിലനിർത്തട്ടെ.! മൗലാനായുടെ പ്രവർത്തനങ്ങൾ സ്വീകരിക്കട്ടെ.! നമ്മെയെല്ലാവരെയും അനുഗ്രഹിക്കട്ടെ.! ആമീൻ...

---

ആശംസകളോടെ...

Swahaba
Islamic Foundation

ഇസ്‌ലാമിക സന്ദേശങ്ങൾ കുറഞ്ഞ ചിലവിലും വ്യാപകമായും പ്രചരിപ്പിക്കാനുള്ള ഈ പരിശ്രമത്തിൽ താങ്കളും പങ്കാളിയാകുക.!
വാട്സ്അപ്പ് & ഫേസ്ബുക് പോലുള്ള സോഷ്യൽ മീഡിയകൾ നന്മ പ്രചരിപ്പിക്കുന്നതിനായിരിക്കട്ടെ. പഠിക്കുക, പകർത്തുക.!
മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കാൻ മടി കാണിക്കരുത്. നാം മരണപ്പെട്ടാലും ജാരിയായ സ്വദഖയായി ഇത് അവശേഷിക്കും.!

സന്ദർശിക്കൂ...

Swahabainfo.blogspot.com
facebook.com/swahaba islamic foundation